(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) പുതിയ വ്യവസ്ഥകൾമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്റ്റൈപ്പന്റ് ലഭിക്കാത്തതിനാൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പിന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)*:

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സ്റ്റൈപ്പന്റ് ലഭിക്കാത്തതിനാൽ പഠനം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹർത്താലുകളും ജാഥകളും നിയന്ത്രിക്കാൻ നടപടി

*25 [24] *ശ്രീ. തമ്പാനൂർ രവി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ തുടർച്ചയായി നടത്തുന്ന ഹർത്താൽ നിരോധിക്കുന്നതിനോ, നിയന്ത്രിക്കുന്നതിനോ, ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഒരു ദിവസത്തെ ഹർത്താൽമൂലം സംസ്ഥാനത്തുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(സി) സെക്രട്ടേറിയറ്റിനു മുന്നിൽ പൊതുജനങ്ങൾക്ക് നിത്യേന ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള ജാഥകളും സമരങ്ങളും നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) പൊതുജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന തരത്തിൽ തുടർച്ചയായി നടത്തുന്ന ഹർത്താൽ നിരോധിക്കുന്നതോ, നിയന്ത്രിക്കുന്നതോ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഹർത്താൽ ആഹ്വാനം ചെയ്യപ്പെടുന്ന ദിവസങ്ങളിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുകയും, പൊതുജനങ്ങൾക്ക് നിർഭയം സഞ്ചരിക്കുന്നതിനുവേണ്ട ആവശ്യമായ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും സ്വീകരിച്ചുവരുന്നു. ഹർത്താൽ ആഹ്വാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും നേതാക്കൾക്ക് ഹർത്താൽ ദിവസങ്ങളിൽ ഉണ്ടാകുന്ന അക്രമ സംഭവങ്ങളിൽ ഉത്തരവാദിത്വമുള്ളതായി മുൻകൂട്ടി നിയമപരമായി അറിയിച്ചു വരുന്നു. ഹർത്താൽ നടക്കുന്ന ദിവസങ്ങളിൽ മുൻകരുതലായി ആക്രമണങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയും അതിനോടനുബന്ധിച്ച് ശക്തമായ പോലീസ് പട്രോളിംഗും ഏർപ്പെടുത്തിവരുന്നു. അക്രമം നടത്താൻ സാധ്യതയുള്ള ഹർത്താൽ അനുകൂലികളെ തലേ ദിവസം മുൻകരുതലായി അറസ്റ്റ് ചെയ്തും ആവശ്യമായ നിയമനടപടി സ്വീകരിച്ചും വരുന്നു.

(ബി) ഒരു ദിവസത്തെ ഹർത്താൽമൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ 15-11-2004-ൽ ഹിന്ദു ഐക്യവേദി സംസ്ഥാനത്ത് വ്യാപകമായി നടത്തിയ ഹർത്താലിൽ 20,500 രൂപയുടെ പൊതുമുതലും 82,000 രൂപയുടെ സ്വകാര്യ മുതലും നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. ഹർത്താൽമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്നത് വലിയ നഷ്ടമാണ്. ഇത് കണക്കാക്കിയിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിയമസഭാംഗങ്ങളുടെ പ്രാദേശിക ഫണ്ടിന്റെ വിനിയോഗം

*26 [25] *ശ്രീ. കെ. സി. ജോസഫ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട് യഥാസമയം ചെലവഴിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ പത്തു ശതമാനം പോലും തനത് വർഷത്തിൽ ചെലവഴിക്കുവാൻ കഴിയാത്തതിന്റെ കാരണം പരിശോധിക്കുമോ;

(സി) ജില്ലാതലത്തിൽ എം. എൽ. എ./എം. പി. പ്രാദേശിക വികസന ഫണ്ട് നടത്തിപ്പ് മോണിട്ടർ ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി) :*

(എ) ഇല്ല.

(ബി) ഈ ഫണ്ടിൻ കീഴിൽ അനുവദിക്കുന്ന തുകയുടെ നല്ലൊരു ശതമാനം അതാത് വർഷങ്ങളിൽ തന്നെ ചെലവഴിക്കുന്നുണ്ട്.

(സി) ജില്ലാതലത്തിൽ ഈ ഫണ്ടുകൾക്ക് മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

വടക്കൻ ജില്ലകളിലെ ക്യാൻസർ രോഗികൾക്കായുള്ള പ്രത്യേക പദ്ധതി

*27 [26] *ശ്രീ. എം. കുമാരൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ ശരാശരിയേക്കാൾ കൂടുതലാണ് സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ക്യാൻസർ രോഗികളുടെ എണ്ണമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly